# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 30 02.03.2020 ൽ മറുപടിയ്ക്ക്

## റേഷൻകടകൾവഴി സപ്ലൈകോ കുത്തരി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. സി.എഫ്.തോമസ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ നെൽ കർഷകരിൽ നിന്നും ഏറ്റെടുത്ത നെല്ല് സ്വകാര്യ മില്ലുകളിൽ കുത്തി അരിയാക്കി തിരികെ വിതരണത്തിന് എത്തിക്കുന്ന സംവിധാനത്തിലെ അപാകതകൾ എന്തെല്ലാമെന്ന് പരിശോധിക്കുമോ; | (എ) | വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും ശേഖരിക്കുന്ന നെല്ല് സംസ്കരിക്കുന്നതിനായി സപ്ലൈകോയുടെ ഉടമസ്ഥതയിൽ മില്ലുകൾ ഇല്ലാത്തതിനാൽ ഈ ചുമതല സ്വകാര്യമില്ലുകാരെ ഏൽപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണം മുതൽ അരി വിതരണം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയവുമായിട്ടാണ് നടക്കുന്നത്. ഈ സംവിധാനത്തിൽ എന്തെങ്കിലും തരത്തിലുള്ള അപാകതകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സപ്ലൈകോ ഏറ്റെടുത്ത അരിയ്ക്ക് പകരം റേഷൻകടകളിൽ മറുനാടൻ കുത്തരി വിതരണം ചെയ്യുന്നതായുള്ള ആക്ഷേപത്തിനിടയായ സാഹചര്യത്തെക്കുറിച്ച് വിശദീകരിക്കാമോ; | (ബി) | സപ്ലൈകോ ഏറ്റെടുത്ത അരിയ്ക്ക് പകരം മറുനാടൻ കുത്തരി വിതരണം ചെയ്യുന്ന സംഭവം ഉണ്ടായിട്ടില്ല. എന്നാൽ ഇത്തരം ആരോപണങ്ങൾ ഉയർന്നുവന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ സംഭരണം മുതൽ വിതരണം വരെയുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം കൂടുതൽ കർശനമാക്കിയിട്ടുണ്ട്. |
| (സി ) | റേഷൻ ധാന്യങ്ങൾ സംഭരിക്കുന്ന ഗോഡൗണുകളിലെ ക്രമക്കേടുകളെക്കുറിച്ചുള്ള ആക്ഷേപം അന്വേഷിക്കുമോ; ഇവിടങ്ങളിൽ | (സി) | ഗോഡൗണുകളിലെ ക്രമക്കേടുകളെക്കുറിച്ചുള്ള ആക്ഷേപം അന്വേഷിക്കുന്നുണ്ട്. ക്രമക്കേടുകൾ തെളിയിക്കപ്പെടുന്ന പക്ഷം ബന്ധപ്പെട്ടവർക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നുമുണ്ട് ഭക്ഷ്യയോഗ്യമല്ലാത്ത ധാന്യങ്ങൾ |

| | | | |
|---|---|---|---|
| | ഭക്ഷ്യയോഗ്യമല്ലാത്ത ധാന്യങ്ങൾ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | | ഗോഡൗണിൽ കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗോഡൗണിൽ നിന്നും ഉടനടി മാറ്റുന്നതിനും ഭക്ഷ്യയോഗ്യമായ സാധനങ്ങൾ മാത്രമേ വിതരണം നടത്തുവാൻ പാടുള്ളുവെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**